പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2734.

20.3.2015 - ൽ

മറുപടിയ്ക്ക്

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കെ.ജയചന്ദ്രൻ. | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അഡീഷണൽ സ്കിൽ അക്വിസേഷൻ പ്രോഗ്രാമുവായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ ; | (എ) കേരളത്തിന്റെ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും ആർട്ട്സ് &സയൻസ് കോളേജുകളിലും ഒന്നാം വർഷ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനത്തോടൊപ്പം അഭിരുചിയുള്ള തൊഴിൽ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നതിലൂടെ യുവാക്കളിൽ തൊഴിൽ നൈപുണ്യം വളർത്തുകയാണ് അസാപ്. പ്രോഗ്രാമിന്റെ ഉദ്ദേശ്യം. പദ്ധതിയിൽ ചേരുന്ന കുട്ടികൾക്ക് 100 മണിക്കൂർ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം, 80 മണിക്കൂർ കമ്പ്യൂട്ടർ നൈപുണ്യ പഠനം, തെരഞ്ഞെടുത്ത തൊഴിൽ മേഖലയിലെ തൊഴിൽ നൈപുണ്യ പരിശീലനം എന്നിവയാണ് അസാപ്പിലൂടെ ലഭ്യമാക്കുന്നത്. റഗുലർ പഠന സമയത്തിന് മുൻപോ പിൻപോ, അവധിക്കാലം, ശനി- ഞായറാഴ്ചകൾ എന്നിങ്ങനെയാണ് അസാപ് ക്ലാസ്സുകൾ നടത്തുക. |
| (ബി) ഇടുക്കി ജില്ലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പ്രോഗ്രാമിന്റെ കീഴിൽ കോഴ്സുകൾ നടത്തി വരുന്നു ; സ്ഥാപനങ്ങളുടെ പേര് വിവരങ്ങളും കോഴ്സുകളും സംബന്ധിച്ച വിശദാംശം നൽകാമോ ; | (ബി) ഇടുക്കി ജില്ലയിൽ 30 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അസാപ് കോഴ്സുകൾ നടത്തിവരുന്നു. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു |
| (സി) എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഹയർസെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും കൂടി പ്രയോജനപ്പെടുന്ന തരത്തിൽ ഈ മേഖലയിൽപ്പെടുന്ന സ്കൂളുകളിലും ഈ പ്രോഗ്രാം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും ഈ പ്രോഗ്രാമിൽ ഇപ്പോൾതന്നെ അംഗമാകാവുന്നതാണ് |

സെക്ഷൻ ഓഫീസർ